**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3479** **26-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; | (എ) | മാനാഞ്ചിറ വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല.<br><br>നിലവിൽ കോടതി കേസുകൾ നിലനിൽക്കുന്ന 3 വ്യക്തികളുടെ ഭൂമിയും 19(1) പ്രഖ്യാപനത്തിൽ ഉൾപ്പെടാതിരുന്ന ഒരു വ്യക്തിയുടെ ഭൂമിയും കൂടി ഏറ്റെടുക്കുവാനുണ്ട്. കേസുകളിൽ ഉൾപ്പെട്ട മേൽ ഭൂമികൾ ഏറ്റെടുക്കുവാനും 19(1) പ്രഖ്യാപനത്തിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം വില നിശ്ചയിച്ച് ആധാരം രജിസ്റ്റർ ചെയ്ത 3 കേസുകളിൽ (0.0424 ഹെക്ടർ) ഭൂവുടമകൾക്ക് അംഗീകരിച്ച അവാർഡ് തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതിനാൽ മേൽ ഭൂവുടമകളിൽ നിന്ന് ടി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല.<br><br>എന്നാൽ 12/06/2024 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗത്തിൽ, മേൽ അവാർഡ് തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാത്രമാണ് സ്റ്റേ നിലനിൽക്കുന്നതെന്ന് ഉത്തമബോധ്യമുള്ള പക്ഷം കേസുകളിൽ ഉൾപ്പെട്ട മേൽ വ്യക്തികൾക്ക് നോട്ടീസ് നൽകി ഭൂമി കൈവശത്തിലെടുത്ത് അർത്ഥനാധികാരിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിൽ, ഇപ്രകാരം ഭൂമി ഏറ്റെടുത്ത് പി.ഡബ്ല്യു.ഡി ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി ഏറ്റെടുക്കൽ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ